# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-16/265/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 09/03/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-16/265/2023 തീയ്യതി: 09/03/2023

## പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-04-2022 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-01-2023 | 23-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2023 | 23-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സരിത.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നസീറബാനു.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അശ്വിനി.ടി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വിജയലക്ഷ്മി.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഹരികൃഷ്ണൻ.എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജിതകുമാരി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രേണു.എസ്.ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ടിങ്കിൾ സുരേന്ദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.മാലിനി.വി.എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഖദീജ.എം.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 23-11-2021 |
| ശ്രീമതി.സജിത.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീ.രാജേഷ്.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ബോബിത സ്റ്റാൻലി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സജ്ന സെയ്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 09-07-2021 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 10-07-2021 | 25-07-2021 |
| ശ്രീമതി.മാജ.ഒ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-07-2021 | 31-03-2022 |
| ശ്രീമതി.സജിതകുമാരി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രേവതി.ആർ | കൃഷി ഓഫീസർ | 01-04-2021 | 04-10-2021 |
| ശ്രീമതി.അർച്ചന.സി.ആർ | കൃഷി ഓഫീസർ | 05-10-2021 | 27-10-2021 |
| ശ്രീമതി.സ്നേഹ | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |
| ശ്രീ.പ്രദീപ്.പി.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 02-07-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 03-07-2021 | 30-07-2021 |
| ശ്രീ.സുനിൽകുമാർ .എം | അസിസ്റ്റന്റ് സെക്രട്ടറി | 31-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി അംബിക. കെ | പ്രധാനാധ്യാപിക | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രിയ.പി.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 28-10-2021 |
| ശ്രീ.സുരേഷ്കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക | 1-2 |
| 3 | വാര്‍ഷികകണക്കുകള്‍ -അപാകങ്ങള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികള്‍ | 1-7 |
| 9 | ക്യാഷ് ബാലന്‍സ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 12 | മൊബൈല്‍ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-11 |
| 13 | വസ്തുനികുതി നിര്‍ണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാല്‍ നികുതി നഷ്ടം ഉണ്ടാകുന്നു. | 1-12 |
| 14 | ലൈസന്‍സ്- രേഖകളുടെ പരിശോധനയില്‍ കണ്ടെത്തിയ അപാകതകള്‍ | 1-13 |
| 15 | ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളില്‍ നിന്ന് വ്യത്യസ്ത ലൈസന്‍സ് ഫീസ് ഈടാക്കുന്നു. | 1-13-1 |
| 16 | ലൈസന്‍സ് ഫീസ് ഈടാക്കുന്നത് ചട്ടപ്രകാരമല്ല. | 1-13-2 |
| 17 | തൊഴി**ല്‍** നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-14 |
| 18 | കാലാവധി കഴിഞ്ഞ ചെക്കുകളില്‍ സ്വീകരിക്കേണ്ട തുടര്‍നടപടികള്‍ സ്വീകരിച്ചിട്ടില്ല. | 1-15 |
| 19 | ഇ-ടെണ്ടര്‍ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് തിരികെ ലഭിച്ചിട്ടില്ല | 1-16 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ വിവരങ്ങള്‍ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 21 | പി എം എ വൈ വിഹിതം (ജനറല്‍)- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 22 | പി എം എ വൈ വിഹിതം (എസ്.സി.പി)-വിനിയോഗ വിവരങ്ങള്‍ ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 23 | ക്ഷീരകര്‍ഷകര്‍ക്ക് പാലിന് സബ്സിഡി നല്‍കല്‍ പദ്ധതി- രണ്ട് തവണ ആനുകൂല്യം നല്‍കി. | 1-20 |
| 24 | അഗതിരഹിത കേരളം ഗുണഭോക്താക്കളുടെ ഭവന നിര്‍മ്മാണം | 1-21 |

| | | |
|---|---|---|
| | -പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ് | |
| 25 | അഗതിരഹിത കേരളം-എസ്.സി.പി -ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 1-22 |
| 26 | മാലിന്യസംസ്കരണസംവിധാനം, ഹരിത കർമ്മസേനയുടെ പ്രവർത്തനം | 1-23 |
| 27 | ജില്ലാ പഞ്ചായത്തിന്റെ അനുവാദമില്ലാതെ ഹയർസെക്കന്ററി സ്കൂളുകളിലെ കുട്ടികൾക്ക് കായിക പരിശീലനത്തിന് മാറ്റ് വാങ്ങി നൽകി | 1-24 |
| 28 | രജിസ്റ്റേർഡ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ്- 104820 രൂപയുടെ അധികം ചെലവ് | 1-25 |
| 29 | ചെറുതടയണ നിർമ്മാണം - പദ്ധതി ആരംഭിച്ചിട്ടില്ല | 1-26 |
| 30 | എസ്.എസ്. കെ പദ്ധതിക്കായി നൽകിയത് - ചെലവു രേഖകൾ ലഭിച്ചിട്ടില്ല | 1-27 |
| 31 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ-ഐ.ആർ.ടി സിക്ക് തുക നൽകിയതിലെ അപാകങ്ങൾ | 1-28 |
| 32 | എം.സി.എഫിൽ കുഴൽക്കിണർ നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-29 |
| 33 | സി.എഫ്.സി ഗ്രാന്റിൽ നിന്നും പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കി | 1-30 |
| 34 | തെരുവുവിളക്കുകൾക്ക് പുതിയ ലൈൻ നീട്ടൽ - വിനിയോഗവിവരം ലഭ്യമായിട്ടില്ല | 1-31 |
| 35 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം | 1-32 |
| 36 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-33 |
| 37 | മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് അവലോകനം | 1-34 |
| 38 | MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സ്രോസ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | രജിസ്റ്റേർഡ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ്- അധികം നൽകിയ 1,04,820 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |
| 4 | കാലാവധി കഴിഞ്ഞ ചെക്കുകൾ (ഖണ്ഡിക 1-15 കാണുക) | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

19.02.2021-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 22.03.2022-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം 2021-22 വർഷത്തെ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,42,11,101 |
| പ്രതീക്ഷിത വരവ് | 31,27,99,000 |
| ആകെ വരവ് | 32,70,10,101 |
| ചെലവ് | 32,23,22,000 |
| നീക്കിയിരിപ്പ് | 46,88,101 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 14.05.2022 | - | - |

### 1-2-1 വാർഷികകണക്കുകൾ -അപാകങ്ങൾ

1.കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).

2.ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500--Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3.പ്രോജക്ട് നം 302/22, 303/22 എന്നിവക്കായുള്ള ചെലവുകൾ RP 38- Fixed Assets, RP 47-Loans Advances & Deposits എന്ന ഷെഡ്യൂളിൽ Advances To Implementing Officers -Deposit With Kerala Water Authority എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിലായാണ് ബുക്ക് ചെയ്യപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് മുഴുവൻ തുകയും

നൽകിയിട്ടുള്ളത്. ചെലവുകൾ ഒറ്റ ഹെഡിൽ ബുക്ക് ചെയ്യുന്നതിനു പകരം വ്യത്യസ്ത ഹെഡുകളിൽ ബുക്ക് ചെയ്യുകയും തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനു മുമ്പ് തന്നെ Fixed Assets ൽ ചെലവ് കാണിക്കുകയും ചെയ്തിട്ടുണ്ട്.

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 7143830.50 |
| വരവ് | ₹111739688.00 |
| ആകെ | ₹118883518.50 |
| ചെലവ് | ₹108500133.00 |
| നീക്കിയിരിപ്പ് | ₹10383385.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ* | 0 | 21650703 | 21650703 | 20310951 | 1339752 |
| വികസനഫണ്ട് - എസ്.സി.പി ** | 0 | 14463179 | 14463179 | 10975888 | 3487291 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 20236567 | 20236567 | 10675829 | 9560738 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7877318 | 7877318 | 2993232 | 4884086 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Treasury | 0 | 5755210 | 5755210 | 2140840 | 3614370 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Bank | 0 | 6506000 | 6506000 | 4982222 | 1523778 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Treasury | 0 | 294083 | 294083 | 294083 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Bank | 0 | 4435032 | 4435032 | 2199740 | 2235292 |
| ICDS കേന്ദ്ര വിഹിതം | 869215 | 863875 | 1733090 | 678679 | 1054411 |
| TSC | 1160000 | 5000 | 1165000 | 660816 | 504184 |
| MGNREGS | 7515 | 34755704 | 34763219 | 34757969 | 5250 |

*ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫല തുക ഇനത്തിൽ ഈടാക്കുന്ന തുക (ജനറൽ) 1928400 രൂപ വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

**ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) 102667 രൂപ വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 123246145 | 179 | 70218393 | 0 | 60 | 75 |

അംഗീകാരം ലഭ്യമായ 239 പ്രൊജക്ടുകളിൽ 179 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 56.97% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 2 | 8150337 | 5333498 | 65.43 |
| വെറ്ററിനറി സർജ്ജൻ | 17 | 17 | 6306318 | 5256318 | 83.35 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 2 | 2 | 904128 | 892068 | 98.67 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 535000 | 535000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 980000 | 980000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 1827000 | 302913 | 16.58 |
| വില്ലേജ് | 22 | 18 | 32138695 | 11412660 | 35.51 |

| | | | | | |
|---|---|---|---|---|---|
| എക്സ്റ്റൻഷൻ ഓഫീസർ | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 7249979 | 6325846 | 87.25 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1070000 | 848000 | 79.25 |
| സെക്രട്ടറി | 46 | 44 | 28469727 | 20903247 | 73.42 |
| ഹെഡ് മാസ്റ്റർ | 8 | 6 | 1183218 | 969281 | 81.92 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 109 | 62 | 30321543 | 12651199 | 41.72 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 11 | 4110200 | 3808363 | 92.66 |
| ആകെ | 239 | 179 | 123246145 | 70218393 | 56.97 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7515 | 1308024 | 1315539 | 1310289 | 5250 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളി കളുടെ വേതനം | 0 | 33447680 | 33447680 | 33447680 | 0 |
| ആകെ | 7515 | 34755704 | 34763219 | 34757969 | 5250 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6476200 | 301 |
| വിധവാപെൻഷൻ | 29512000 | 1506 |
| വാർദ്ധക്യകാലപെൻഷൻ | 52755900 | 2522 |
| വികലാംഗപെൻഷൻ | 7937600 | 300 |
| അവിവാഹിത പെൻഷൻ | 3700000 | 128 |
| തൊഴിൽ രഹിത വേതനം | 42840 | 32 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2023 ന് 02.35 PM മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 22,578/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും ബജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും, സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ മുഴുവൻ വൗച്ചറിനോടൊപ്പം സൂക്ഷിച്ചുകാണുന്നില്ല. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് അനൗൺസ്മെന്റ്, ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ, കുടുംബശ്രീ മുഖേന നോട്ടീസ് നൽകൽ എന്നീ മാർഗ്ഗങ്ങൾ നികുതി പിരിച്ചെടുക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് “സകർമ്മ” യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2008-09 മുതൽ 2012-13 വരെയുള്ള എ.ജി.യുടെ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ ഗുരുതരമായ പരാമർശങ്ങളില്ല.

പെർഫോർമൻസ് ഓഡിറ്റിന്റെ 10/2022 വരെയുള്ള ഓഡിറ്റ് നവംബർ 21,22 തീയതികളിൽ പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല.

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 18 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി പത്രികയിൽ 2019 മുതൽ 2022 വരെയുള്ള കാലയളവിൽ 6 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായ 1,55,273/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LC) ഉൾപ്പടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 2/238/B റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 30 | 17325 | 33491 | 2021 മുതൽ |
| 2 | 4/506/A ജനറൽ മാനേജർ, ബി.എസ്.എൻ.എൽ | 5 | 2888 | 8664 | 2020 മുതൽ |
| 3 | 5/651/ വയർലെസ്സ് ടി ടി ഇൻഫോ സർവീസ് ലിമിറ്റഡ് | 30 | 17325 | 17325 | 2022 മുതൽ |
| 4 | 5/653/ എയർസെൽ ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 30 | 17325 | 69228 | 2019 മുതൽ |
| 5 | 10/694/ മാനേജർ, വയർലസ് ടി ടി ഇൻഫോ സർവീസസ് ലിമിറ്റഡ് | 30 | 17325 | 17325 | 2022 മുതൽ |
| 6 | 16/28/C അസൻറ് ടെലികോം ഇൻഫ്രാസ്ടക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 16 | 9240 | 9240 | 2022 മുതൽ |
| ആകെ കുടിശ്ശിക | | | | 1,55,273 | |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23.01.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി

നഷ്ടം ഉണ്ടാകുന്നു.

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതിവർഷ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 4/ 249/B | വേണു ഗോപാലൻ, പുത്തൻ കുളങ്ങര, അമ്പലപ്പാറ | 119.08 ഹോട്ടൽ | 119.08x50= 5954 ഇളവ് = 10%=595.4 വർദ്ധനവ് =ഇല്ല BT=5359 LC=268 Total=5627 | 119.08x60= 7145 ഇളവ് = 10%=714.5 വർദ്ധനവ് =ഇല്ല BT=6431 LC=322 Total=6753 | 2019 IInd Half | 1126 |
| 2 | 10/ 98/A | മണികണ്ഠൻ വേങ്ങശ്ശേരി | 143.29 ഷോപ്പു കൾ | 143.29x50= 7464.5 ഇളവ് =10%=746.4 വർദ്ധനവ് =20% =1492.8 BT=7881 LC=395 Total=8276 | 143.29x60= 8597.4 ഇളവ് = 10%=859.7 വർദ്ധനവ് =20%=1719.4 BT=9458 LC=473 Total=9931 | 2018 1st Half | 1655 |
| 3 | 13/ 76/A | അബൂബക്കർ, നാരായണത്ത് ഹൗസ്, ഒറ്റപ്പാലം | 150.46 ഗോഡൌൺ | 150.46x50= 7523 ഇളവ് = 10%=752.3 വർദ്ധനവ് =20% =1504.6 BT=8276 LC=414 Total=8690 | 150.46x60= 9027.6 ഇളവ് = 10% =902.7 വർദ്ധനവ് =20% =1805.4 BT=9931 LC=497 Total=10428 | 2021 IInd Half | 1738 |

100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള മേൽ കെട്ടിടങ്ങള വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തിയതിനാൽ 4519രൂപ പ്രതിവർഷം നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-2/18.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.) അതുകൊണ്ടുതന്നെ മേൽ കെട്ടിടങ്ങളുടെ ഫോം-6 പരിശോധിക്കേണ്ടതും കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-13 ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്

നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നമ്പർ 8/20.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13-1 ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് പട്ടിക-IIൽ നൽകിയിട്ടുണ്ട്. അതുപ്രകാരം 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സേവനമേഖലയിലുൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ് 500 രൂപയാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള അപേക്ഷകളിൽ ഓരേ വിഭാഗത്തിലെ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത തുക ഈടാക്കുന്നതിനായി കാണുന്നു. ഉദാഹരണത്തിന്

| ക്രമ നം. | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (അപേക്ഷയിൽ രേഖപ്പെടുത്തിയത്) | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | No- A5.1588/21(51) Dated 01.04.2021 | ആർ.കെ. സ്റ്റോർ, പലചരക്ക് വ്യാപാരം | 10,000 സേവനമേഖല | 100 |
| 2 | No- A5.1672/21(73) Dated 01.04.2021 | മഹാലക്ഷമി ട്രേഡേഴ്സ്, ഇലക്ട്രോണിക്സ് സാധനങ്ങളുടെ വില്പന | 10,000 സേവനമേഖല | 400 |
| 3 | No- A5.1644/21(64) Dated 01.04.2021 | അമ്മു സ്റ്റോർ, പലചരക്ക് വ്യാപാരം | 1000 സേവനമേഖല | 200 |
| 4 | No- A5.1621/21(60) Dated 01.04.2021 | എം.പി. എംപോറിയം | 1,00,000 സേവനമേഖല | 200 |
| 5 | No- A5.1672/21(79) Dated 01.04.2021 | വിനായക ഏജൻസി, ഹാർഡ്വെയർ ഷോപ്പ് | 75,000 സേവനമേഖല | 300 |
| 6 | No- A5.1607/21(58) Dated 01.04.2021 | മിന്നു ഫർണ്ണീച്ചർ & ഹോം അപ്ലയൻസസ് | 1,50,000 സേവനമേഖല | 500 |

ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിനായി ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതും അതിനാനുപാതികമായി മാത്രം ഫീസ് ഈടാക്കേണ്ടതുമാണ്.

1-13-2 ലൈസൻസ് ഫീസ് ഈടാക്കുന്നത് ചട്ടപ്രകാരമല്ല.

പട്ടിക-II, പട്ടിക-III പ്രകാരം 25 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള ഉല്പാദനമേഖലയിലുൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ് 500 രൂപയും വൈദ്യുതി

ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് (ഒരു കുതിരശക്തിയിൽ കവിയുന്നതും എന്നാൽ 5 കുതിരശക്തിയിൽ കവിയാത്തതുമായ യന്ത്രങ്ങൾക്ക് ചുമത്താവുന്ന പരമാവധി ഫീസ് - 50 രൂപ) 50 രൂപയും ചേർത്ത് ആകെ ഈടാക്കേണ്ട പരമാവധി ഫീസ് 550 രൂപയാണ്. എന്നാൽ 450 രൂപ അധികം ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (അപേക്ഷയിൽ രേഖപ്പെടുത്തിയത്) | വൈദ്യുതി ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | A5.1596/ 21(54) Dated 01.04.2021 | പവർ പ്രൊഡക്ട്സ്, അലക്ക് സോപ്പ് നിർമ്മാണം | 10,00,000 ഉല്പാദന മേഖല | 3 HP | 1000 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 08/20.01.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി സ്ഥാപനങ്ങളെ ഉൽപാദനം, സേവനം എന്നീ മേഖലകളായും മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നീ വിഭാഗങ്ങളായും തിരിക്കേണ്ടതുണ്ട്.

| ഇനം | വാർഷിക ലൈസൻസ് ഫീസ് |
|---|---|
| മൈക്രോ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും | 500/- |
| മിനിഎന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽകവിയുന്നതും ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും | 1000/- |
| സ്മാൾ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽകവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും രണ്ടു കോടി രൂപയിൽകവിയാത്തതും | 5000/- |
| മീഡിയം എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും പത്തു കോടി | 10000/- |

| | |
|---|---|
| രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടിരൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽകവിയാത്തതും | |
| ലാർജ് എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽകവിയുന്നതും സേവന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും | 15000/- |

ഭേദഗതി ചട്ടങ്ങൾ നടപ്പിലാക്കാത്തതിനാൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ തുടരുന്നു. ലൈസൻസിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ മേഖല, മൂലധന നിക്ഷേപം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽ പട്ടിക പ്രകാരം ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | അർദ്ധവർഷം |
|---|---|---|---|
| 1 | അമ്പലപ്പാറ ക്ഷീര സഹകരണ സംഘം | 2 | രണ്ട് |
| 2 | വേങ്ങശ്ശേരി, ക്ഷീര സഹകരണ സംഘം | ലഭ്യമായില്ല | ഒന്ന്, രണ്ട് |
| 3 | ഭദ്ര കൺസ്ട്രക്ഷൻ, ഒറ്റപ്പാലം | ലഭ്യമായില്ല | ഒന്ന്, രണ്ട് |
| 4 | ഗ്ലോബൽ, കൺസ്ട്രക്ഷൻ, ഒറ്റപ്പാലം | ലഭ്യമായില്ല | ഒന്ന്, രണ്ട് |
| 5 | പി.കെ.ഹോളോബ്രിക്സ്, മുരുക്കുംപാറ | ലഭ്യമായില്ല | ഒന്ന്, രണ്ട് |
| 6 | ഹോം ഡിസൈൻ, അമ്പലപ്പാറ | 1 | രണ്ട് |
| 7 | കള്ള് ഷാപ്പ് ഗ്രൂപ്പ് നമ്പർ-i, ഒറ്റപ്പാലം റേഞ്ച്, വേങ്ങശ്ശേരി | 6 | ഒന്ന് |
| 8 | കള്ള് ഷാപ്പ് ഗ്രൂപ്പ് നമ്പർ-lli, ഒറ്റപ്പാലം റേഞ്ച്, അറവ്കാട് | 3 | ഒന്ന് |
| 9 | കള്ള് ഷാപ്പ് ഗ്രൂപ്പ് നമ്പർ-IV, ഒറ്റപ്പാലം റേഞ്ച് | 3 | ഒന്ന് |

ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21.01.2023ലെ ഓഡിറ്റ് അന്വേഷണം നമ്പർ 11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-15 കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-10210001000 1055, കോഡ്-450230101) 2022 നവംബർ മാസത്തെ ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 30.04.2019 തീയതി മുതലുള്ള ചെക്കുകൾ പണമാക്കാത്ത ചെക്കുകളുടെ ഇനത്തിൽ രേഖപ്പെടുത്തികാണുന്നു. വിശദാംശം അനുബന്ധം-4 ആയി ചേർത്തിട്ടുണ്ട്.

ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ചു നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 പ്രകാരം റദ്ദ് ചെയ്യേണ്ടതും റദ്ദ് ചെയ്ത ചെക്കുകൾ കൗണ്ടർഫോയിൽ സഹിതം ഓഡിറ്റിനായി സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്. മേൽ ചെക്കുകളിൽ അക്കൗണ്ടിങ് ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21.01.2023ലെ ഓഡിറ്റ് അന്വേഷണം നം.16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) പ്രകാരം 3 സാമ്പത്തിക വർഷത്തിലധികമായിട്ടും ക്ലെയിം ചെയ്തിട്ടില്ലാത്ത നിക്ഷേപങ്ങൾ മുതൽക്കൂട്ടാവുന്നതാണ്. അതുകൊണ്ടുതന്നെ അനുബന്ധം-4 ആയി ചേർത്തിട്ടുള്ള ചെക്കുകൾ മുതൽക്കൂട്ടുവാൻ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-16 ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് തിരികെ ലഭിച്ചിട്ടില്ല

ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനീയറുടെ പേരിൽ ഒറ്റപ്പാലം SBI-ൽ ആരംഭിച്ചിട്ടുള്ള 35069167075 എന്ന അക്കൗണ്ട് നമ്പരിൽ ആണ് ഇ-ടെണ്ടർ ഫീസ് നിലവിൽ ക്രഡിറ്റ് ചെയ്യുന്നത്. 31.03.2022 വരെ പ്രസ്തുത ഇനത്തിലുള്ള ആകെ വരവ് 3,32,742/- രൂപയാണ്

ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ട തുക ₹3,32,742/- ട്രാൻസ്ഫർ ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെയും സൂക്ഷിച്ചതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.03/19.01.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല.

തുക ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

1.പ്രത്യേക കന്നുകുട്ടി പരിപാലനം - ജനറൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0276/22 പ്രത്യേക കന്നുകുട്ടി പരിപാലനം |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |
| അടങ്കൽ | 1,50,000- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 1,50,000 |
| ബിൽ നമ്പർ | 13/19.01.2022-1,50,000 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ 19.11.2021 തീയതിയിലെ സാധാരണ യോഗത്തിലെ 1(2) നം തീരുമാന പ്രകാരം 35 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുകയും 24 പേരുടെ സബ്സിഡി തുകയായ 1,50,000/-(24*6,250) രൂപ വികസന ഫണ്ടിൽ നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ 714021400000008 അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

2. പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി - വനിത ജനറൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0338/22 പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി - വനിത ജനറൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 6,00,000- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 6,00,000-(വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ | 20/21.02.2022- 6,00,000 രൂപ |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ജനറൽ വനിത വിഭാഗത്തിൽ ആവിഷ്കരിച്ച പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ 11.02.2022 തീയതിയിലെ സാധാരണ യോഗത്തിലെ 3(13) നം തീരുമാന പ്രകാരം 73 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുകയും 48 പേരുടെ സബ്സിഡി തുകയായ 6,00,000/രൂപ -{48*12,500(സംസ്ഥാന വിഹിതം6250 രൂപ+ തദ്ദേശഭരണസ്ഥാപന വിഹിതം 6250 രൂപ)} വികസന ഫണ്ടിൽ നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ 714021400000008 അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

മേൽ പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കുന്നതാണെന്ന് 23/23.01.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദേശം

1. വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുവാൻ പാടില്ല.

1-18 പി എം എ വൈ വിഹിതം (ജനറൽ)- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം., പേര് | 270, പി എം എ വൈ വിഹിതം (ജനറൽ) |
| അടങ്കൽ | 1330000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 1330000 രൂപ (വികസന ഫണ്ട് - ജനറൽ) |
| നിർവ്വഹണം | വി ഇ ഒ |
| ബിൽ നമ്പർ | 34/21.3.2022- 13,30,000 രൂപ |

മേൽ പദ്ധതി പ്രകാരം പി എം എ വൈ (ജനറൽ) പഞ്ചായത്ത് വിഹിതമായ 13,30,000 രൂപ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 40268101058855) മാറി നൽകിയിട്ടുണ്ട്. എന്നാൽ തുക ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് നൽകിയതെന്നുള്ള വിവരം, വിനിയോഗ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 17/23.1.23 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ടതിന് വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.

1-19 പി എം എ വൈ വിഹിതം (എസ്.സി.പി)-വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം പേര് | 271, പി എം എ വൈ വിഹിതം (എസ്.സി.പി) |
| അടങ്കൽ | 855000 രൂപ (വികസന ഫണ്ട് - ജനറൽ)<br>90000 രൂപ (വികസന ഫണ്ട് - (എസ്.സി.പി) |
| ചെലവ് | 855000 രൂപ (വികസന ഫണ്ട് - ജനറൽ<br>90000 രൂപ (വികസന ഫണ്ട് - (എസ്.സി.പി) |
| നിർവ്വഹണം | വി ഇ ഒ |
| ബിൽ നമ്പർ | 14/19.2.22 -855000 രൂപ<br>15/19.2.22-90000രൂപ |

മേൽ പദ്ധതി പ്രകാരം പി എം എ വൈ (എസ്.സി.പി) പഞ്ചായത്ത് വിഹിതമായ 945000 രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 40268101058855) മാറി നൽകിയിട്ടുണ്ട്. എന്നാൽ തുക ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് നൽകിയതെന്നുള്ള വിവരം, വിനിയോഗ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

17/23.1.23 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ടതിന് വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.

1-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി- രണ്ട് തവണ ആനുകൂല്യം നൽകി.

പ്രൊജക്ട് നമ്പരും, പേരും-277/22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-എസ്.സി.പി

അടങ്കൽ-2,20,000/-(1,00,000-വികസന ഫണ്ട് + 1,20,000-ബ്ലോക്ക് വിഹിതം)

ചെലവ്-2,00,000/-

നിർവഹണ ഉദ്യാഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

മേൽ പദ്ധതിയുടെ ഭാഗമായി സബ്സിഡി അനുവദിച്ചതിൽ കോട്ടകുന്ന് ക്ഷീര സഹകരണ സംഘത്തിലെ ചാമി എന്ന കർഷകന് രണ്ട് തവണ ആനുകൂല്യം അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ബിൽ നം. | ബില്ലിലെ | ബിൽ | ഗുണ | ബാങ്ക് | ആനുകൂല്യം | അനുവ |
|---|---|---|---|---|---|---|---|

| നം. | & തീയതി | ക്രമ നമ്പർ (List Of Beneficiaries | തുക | ഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ, IFSC കോഡ് | അനുവദിച്ച മാസങ്ങൾ, പാലിന്റെ അളവ് | | ദിച്ച തുക @ 3 രൂപ |
|---|---|---|---|---|---|---|---|---|
| 1 | 02/2021-22 Dtd 09.02.2022 | 48 (Reference To Bill No 212102520 17101 062159) | 49080 | ചാമി | 6724116 7162 SBIN 0070600 | ഏപ്രിൽ | 227 L | 2040 |
| | | | | | | മെയ് | 226 L | |
| | | | | | | ജൂൺ | 227 L | |
| | | | | | | ആകെ | 680 L | |
| 2 | 03/2021 Dtd 08.03.2022 | 57 (Reference To Bill No 21210252017 101198914) | 50920 | ചാമി | 6724116 7162 SBIN 0070600 | ഏപ്രിൽ | 217 L | 1872 |
| | | | | | | മെയ് | 210 L | |
| | | | | | | ജൂൺ | 197 L | |
| | | | | | | ആകെ | 624L | |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോട്ടകുന്ന് ക്ഷീര സഹകരണ സംഘത്തിൽ നിന്നും ലഭിച്ച ശ്രീ.ചാമിയുടെ പാലളവ് സ്റ്റേറ്റ്മെന്റിൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പാലിന്റെ അളവ് വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ കർഷകന് രണ്ട് തവണ ആനുകൂല്യം അനുവദിച്ചിട്ടുള്ളതിനും പാലളവ് സ്റ്റേറ്റ്മെന്റിൽ പാലിന്റെ അളവ് വ്യത്യസ്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23.01.2023ലെ ഓഡിറ്റ് അന്വേഷണം നം.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അധികം നൽകിയത് പരിശോധിച്ച് തിരികെ ഈടാക്കേണ്ടതാണ്.

## 1-21 അഗതിരഹിത കേരളം ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം -പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. 208/22, ആശ്രയ ഭവന നിർമ്മാണം -ജനറൽ

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ -1600000 ( വികസനഫണ്ട്- ജനറൽ)

ചെലവ് -1600000 (600000-ബിൽ നം 7/10.09.21, 300000-ബിൽ നം 8/19.09.21, 392800ബിൽ നം 9/10.09.21, 307200-ബിൽ നം 30/09.09.21)

4 അഗതികുടുംബങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 400000 രൂപ വീതം ഗുണഭോക്തൃകുടുംബങ്ങൾ കൂടി ഉൾപ്പെടുന്ന 4 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി നിർവ്വഹണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഭവനനിർമ്മാണത്തിനായി ആകെ 1600000 രൂപ അനുഗ്രഹ, ത്രിവേണി, സൗഭാഗ്യ, സുദർശന എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി ലക്ഷ്യമിട്ടു പ്രകാരം ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. പദ്ധതിക്കായി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റും ലഭ്യമാക്കിയിട്ടില്ല.

ഭവനരഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതികുടുംബങ്ങൾക്കും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ പ്രാഥമിക പരിഗണന നൽകേണ്ടതാണെന്ന് അഗതിരഹിതകേരളം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ (എം.എസ്. നം 252/17ത.സ്വ.ഭ.വ തീയതി 12.12.2017) ഖണ്ഡിക 4.2.2.1ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വി.ഇ.ഒ മുഖാന്തരം നിർവ്വഹണം നടത്തുന്നതിനു പകരം പ്രത്യേക പദ്ധതിയായി സെക്രട്ടറി നിർവ്വഹണം നടത്തുന്നതിനുള്ള കാരണം ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക വിവിധ കുടുംബശ്രീകൾക്ക് നൽകിയതിൽ താഴെ പറയും പ്രകാരം അപാകത നില നിൽക്കുന്നു. ബിൽ പ്രകാരം അനുഗ്രഹ കുടുംബശ്രീ- 400000, ത്രിവേണി കുടുംബശ്രീ -400000,സൗഭാഗ്യ കുടുബശ്രീ- 307200, സുദർശന കുടുംബശ്രീ- 492800 എന്നിങ്ങനെയാണ് തുക കൈമാറിയിട്ടുള്ളത്. ഒരു ഗുണഭോക്താവിനുള്ള യൂണിറ്റ് കോസ്റ്റ് 400000 രൂപ ആണെന്നിരിക്കെ സുദർശന കുടുംബശ്രീക്ക് 492800 രൂപയും സൗഭാഗ്യക്ക് 307200 രൂപയും നൽകിയിട്ടുള്ളതായി കാണുന്നു. കുടുംബശ്രീകളുടെ ബാങ്ക് അക്കൗണ്ട് നമ്പർ തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

എല്ലാ കുടുംബശ്രീകൾക്കും കൃത്യമായ തുക ലഭ്യമായതിന്റെയും പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 9/21.01.23)

## 1-22 അഗതിരഹിത കേരളം-എസ്.സി.പി -ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

പ്രോജക്ട് നം 84/22

ആശ്രയ ഭവന നിർമ്മാണം (എസ്. സി.പി)

അടങ്കൽ-1200000

ചെലവ് - 1200000(16/23.03.22, 19/26.03.22)

4 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 1200000 രൂപ അഗതിരഹിതകേരളം ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഭവനരഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതികുടുംബങ്ങൾക്കും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ പ്രാഥമിക പരിഗണന നൽകേണ്ടതാണെന്ന് അഗതിരഹിതകേരളം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ (എം.എസ്. നം 252/17ത.സ്വ.ഭ.വ തീയതി 12.12.2017) ഖണ്ഡിക 4.2.2.1ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വി.ഇ.ഒ മുഖാന്തരം നിർവ്വഹണം നടത്താത്തതിനുള്ള കാരണം വ്യക്തമല്ല. ഓഡിറ്റ് അന്വേഷണം നം 25/23.01.23 പ്രകാരം മേൽ അപാകങ്ങൾ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 മാലിന്യസംസ്കരണസംവിധാനം, ഹരിത കർമ്മസേനയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്ത് തൻവർഷം ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പദ്ധതി | അടങ്കൽ, ഫണ്ട് | ചെലവ് (₹) |
|---|---|---|---|
| 1 | 346/22<br>ഹരിതകർമ്മസേന വാഹനത്തിന്റെ ഡ്രൈവർക്ക് വേതനം നൽകൽ | 25000<br>തനത് ഫണ്ട് | 25000 |
| 2 | 202/22<br>ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ | 94880<br>തനത് ഫണ്ട് | 94880 |
| 3. | 206/22 | 322560 | 322560 |

| | | | |
|---|---|---|---|
| | എം.സി.എഫിൽ വെള്ളം ലഭ്യമാക്കൽ | സി.എഫ്. സി ഗ്രാന്റ് | |
| 4 | 298/22<br>ഖരമാലിന്യം പ്ലാസ്റ്റിക് ശേഖരണ സൗകര്യമൊരുക്കൽ | 471182<br>സി.എഫ്. സി ഗ്രാന്റ് | 471182 |
| 5 | 205/22<br>സമഗ്ര മാലിന്യ നിർമ്മാണ പ്രവർത്തനങ്ങൾ(SO) | 539951<br>സി.എഫ്. സി ഗ്രാന്റ് | 525012 |
| 6 | 244/22<br>എം. സി എഫ് നിർമ്മാണം വില്ലേജ്-2 | 600000<br>സി.എഫ്. സി ഗ്രാന്റ് | 600000 |
| 7 | 213/22<br>ലെഗസി വെയ്സ്റ്റ് ഡിസ്പോസൽ | 800000<br>സി.എഫ്. സി ഗ്രാന്റ് | 696760 |
| 8 | 299/22<br>മാലിന്യനിർമ്മാർജ്ജന വാഹനത്തിന് സൗകര്യ മൊരുക്കൽ | 100000<br>സി.എഫ്. സി ഗ്രാന്റ് | 100000 |
| 9 | 211/22<br>എം.സി.എഫിൽ ഇലക്ട്രി ഫിക്കേഷൻ( S.O) | 289410<br>സി.എഫ്. സി ഗ്രാന്റ് | 118887 |
| 10 | 203/22<br>എം. സി.എഫ് നിർമ്മാണം<br>( S.O) | 1600000<br>കേന്ദ്രാവിഷ്കത ഫണ്ട് | 542188 |
| 11 | 209/22<br>വിവിധ വാർഡുകളിൽ മിനി എം. സിഎഫ് | 1022220<br>കേന്ദ്രാവിഷ്കത ഫണ്ട് | 1022220 |
| | ആകെ | | 4518689 |

ഗ്രാമപഞ്ചായത്തിലെ അമ്പലപ്പാറ വാർഡിൽ എം. സി. എഫുകൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂസവിശേഷത കണക്കിലെടുത്ത് ചുനങ്ങാട് വാർഡിൽ ഒരു എം. സിഎഫ് കൂടി നിർമ്മിക്കുന്നുണ്ട്. എന്നാൽ നിർമ്മാണം പൂർത്തിയായിട്ടില്ല. 40 അംഗങ്ങളുള്ള ഹരിത കർമ്മസേനയാണ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പ്രധാന എം. സി.എഫിൽ കുടിവെള്ളം, ശുചിമുറി സൗകര്യങ്ങൾ ഉണ്ടെങ്കിലും അഗ്നിശമന സേനയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടില്ല. അംഗങ്ങൾക്ക് യൂണിഫോം, മാസ്ക് , സാനിറ്റൈസർ, മറ്റ് ഉപകരണങ്ങൾ തുടങ്ങിയവ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. മാലിന്യനീക്കത്തിനായി വാഹനം ഉപയോഗിക്കുന്നുണ്ട്.

വിവിധ വാർഡുകളിൽ മിനി എം സി എഫ് കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലും പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കുന്നതിനായി ബോട്ടിൽ ബൂത്തുകളും സജ്ജീകരിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി നാളിതു വരെയും മാലിന്യം ശേഖരിച്ചിട്ടില്ല.

നിലവിൽ 40 സേനാംഗങ്ങളുടെ 4 കൺസോർഷ്യങ്ങൾ രൂപീകരിക്കുകയും കൺസോർഷ്യങ്ങൾക്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സംരംഭപ്രവർത്തനങ്ങൾ നാളിതു വരെ ആരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ആകെ 12000വീടുകളും 600 കടകളും ഉള്ളതായി ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയും സർക്കാർ ഉത്തരവ് പ്രകാരം യൂസർഫീ ഈടാക്കി വരുന്നുണ്ട്. എന്നാൽ ഏതാനും ആളുകൾ ഇപ്പോഴും കൃത്യമായി യൂസർഫീ

നൽകുന്നില്ലാത്തതായും എന്നാൽ ചിലർ കൂടുതൽ തുക നൽകുന്നതായും സേനാംഗങ്ങൾ അറിയിച്ചു. കൃത്യമായി പിരിക്കാൻ കഴിഞ്ഞാൽ വീടുകളുടെയും കടകളുടെയും എണ്ണത്തിനാനുപാതികമായി ശരാശരി 600000 രൂപ വരെ കർമ്മസേനക്ക് പ്രതിമാസ വരുമാനം ലഭിക്കേണ്ടതാണ്. എന്നാൽ ഡിസംബർ 2022 ൽ ആകെ 201110 രൂപ മാത്രമാണ് കർമ്മസേനയുടെ വരുമാനം. യൂസർഫീ അപര്യാപ്തമാവുന്ന സാഹചര്യങ്ങളിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമായിട്ടുണ്ട്. യൂസർഫീ നൽകാത്തവരുടെ പേരു വിവരം ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നുണ്ട്. കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

മാലിന്യ നീക്കത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായി വൻതുക ചെലവഴിക്കേണ്ട സാഹചര്യം നില നിൽക്കുന്നതിനാൽ യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനക്ക് ലഭിക്കേണ്ടതായ യൂസർഫീ കൃത്യമായി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.
- ഹരിതസംരംഭകർക്ക് ആവശ്യമായ വൈദഗ്ധ്യ പരിശീലനം നൽകി സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
- എംസി.എഫിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്. കർമ്മസേനയുടെ തൊഴിൽ മാന്യത ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 ജില്ലാ പഞ്ചായത്തിന്റെ അനുവാദമില്ലാതെ ഹയർസെക്കന്ററി സ്കൂളുകളിലെ കുട്ടികൾക്ക് കായിക പരിശീലനത്തിന് മാറ്റ് വാങ്ങി നൽകി

| | |
|---|---|
| പ്രോജക്ട് നം. | 306/22, കുട്ടികൾക്ക് കായിക പരിശീലനത്തിന് മാറ്റ് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ |
| അടങ്കൽ | 5,00,000 വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 4,89,160വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ | 1) 5/14.03.2022 തുക 331800<br>2) 7/23.03.2022 തുക 157360 |

മേൽ പദ്ധതി പ്രകാരം കടമ്പൂർ, ചുനങ്ങാട് എന്നീ ഗവ. ഹയർ സെക്കന്ററി സ്കൂളുകളുടെ മേൽ നോട്ടത്തിൽ അതത് പ്രദേശത്തെ കായിക പ്രേമികളായ യുവാക്കൾക്കും, വിദ്യാർത്ഥികൾക്കും ഉപയോഗപ്പെടുത്തുവാൻ ലക്ഷ്യമാക്കി GHW എൽ പി സ്കൂൾ ഹെഡ്മാസ്റ്റർ കുട്ടികൾക്ക് കായിക പരിശീലനത്തിനാവശ്യമായ കബഡി മാറ്റുകൾ വാങ്ങി നൽകിയിട്ടുണ്ട്.

ബിൽ നമ്പർ 1 പ്രകാരം രാധേ കൃഷ്ണ ലാപ്ടോപ്പ് & മൊബൈൽസ് സർവീസസ് എന്ന സ്ഥാപനത്തിൽ നിന്നും 210 സിന്തറ്റിക്ക് കബഡി മാറ്റുകളും (ക്രമ നമ്പർ 1), ബിൽ നമ്പർ 2 പ്രകാരം അമാൻ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും 140 എണ്ണം പ്രാക്ടീസ് മാറ്റുകളും (ക്രമ നമ്പർ 2) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ | ഇൻവോയ്സ് | എണ്ണം | ഒരെണ്ണത്തിന്റെ | GST + |
|---|---|---|---|---|

| നമ്പർ | നമ്പർ | | വില | ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|---|
| 1 | RKLMS090/ 18.02.2022 | 210 | 1338 | 331800 |
| 2 | 418 /07.03.2022 | 140 | 1004 | 157360 |

സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി 29.01.2018 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് പതിമൂന്നാം പഞ്ചവൽസര പദ്ധതികൾ തയ്യാറാക്കാനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.9 ൽ സർക്കാർ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളിനോട് ചേർന്നുള്ള എൽ.പി/ യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ചുമതലയുള്ളതാണെന്നും, ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി നിർവ്വഹണം ഏറ്റെടുക്കാവുന്നതാണെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണചുമതലയുള്ള GHW എൽ പി സ്കൂൾ ഹെഡ്മാസ്റ്റർ, കടമ്പൂർ, ചുനങ്ങാട് എന്നീ ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ കായിക വികസന പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തിന്റെ അറിവില്ലാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. 14/21.1.2023 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ഹയർസെക്കന്ററി സ്കൂളുകളിലെ കായികാദ്ധ്യാപകരുടെ നേതൃത്ത്വത്തിൽ കായിക പരിശീലനം നടത്തി വരുന്നതിനാലും, കായിക ഉപകരണങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുവാനുള്ള സൗകര്യം ഈ സ്കൂളുകളിലുള്ളതിനാലും, മറ്റു സ്കൂൾ കുട്ടികളുടെ ആവശ്യത്തിന് മാറ്റുകൾ നൽകുവാൻ ഈ സ്കൂളുകളെ ചുമതലപ്പെടുത്തിയുമാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ മുൻപരിചയമില്ലാത്തതിനാൽ അപാകങ്ങൾ സംഭവിച്ചുവെന്നും ആയത് ക്ഷമിക്കണമെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

ഓഡിറ്റ് നിർദേശം

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിച്ച് പദ്ധതികൾ നിർവ്വഹണം നടത്തുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 രജിസ്റ്റേർഡ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ്- 104820 രൂപയുടെ അധികം ചെലവ്

വികസന ഫണ്ടിലെ (ജനറൽ) 149820 രൂപ ചെലവിൽ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങി ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 9 ക്ലബ്ബുകൾക്ക് മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി വിതരണം നടത്തി.

സ.ഉ(കൈ)നം. 22/2018/ തസ്വഭവ, തീയതി 14.02.2018, സ.ഉ(കൈ)നം. 811/2018/തസ്വഭവ, തീയതി 26.03.2018 സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം-ഖണ്ഡിക 7.6.13 ൽ ഒരു സംഘടനയ്ക്ക് 5000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം എന്ന നിർദേശമാണുള്ളത്. ആയത് പാലിക്കാതെ 9 സ്പോർട്സ് ക്ലബ്ബുകൾക്ക് 5000 രൂപയിൽ കൂടുതൽ തുകയ്ക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയതിൽ 104820 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ചെലവ് തുക നിരാകരിക്കുന്നു. (വിശദാംശങ്ങൾ ഖണ്ഡിക 3-1 കാണുക)

## 1-26 ചെറുതടയണ നിർമ്മാണം - പദ്ധതി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം 302/22,303/22

ചെറുതടയണകൾ നിർമ്മാണം (ഭാരതപ്പുഴ പുനരുജ്ജീവനം)

അടങ്കൽ (2 പ്രോജക്ടുകൾക്കുമായി)- 2364789 ( സി.എഫ്. സി ഗ്രാന്റ് )

ചെലവ് - 2364789

( 1364789-ബിൽ നം -59/ 29.03.2022, 100000വൗച്ചർ നം- 22101403-30.03.22)

ഗ്രാമപഞ്ചായത്തിലെ 4 വാർഡുകളിൽ വട്ടക്കുണ്ട്, ക്രാലിത്തോട്, പഴംകുളം, ചക്കോട്ടിൽപ്പടി എന്നിവിടങ്ങളിലായി തടയണ നിർമ്മിച്ച് ജലലഭ്യത ഉറപ്പു വരുത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.

4 തടയണകൾ നിർമ്മിക്കുന്നതിനായി ആകെ 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വരുന്നതായി കത്ത് നം സി.3/224/2022 തീയതി 17.03.22 പ്രകാരം മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഫണ്ട് കുറവായതിനാൽ വട്ടക്കുണ്ട്, പഴംകുളം എന്നീ തടയണകൾ മാത്രം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് മൈനർ ഇറിഗേഷൻ വകുപ്പ് ൽ നിന്നും ലഭ്യമാക്കാനാവശ്യപ്പെട്ടതിനെത്തുടർന്ന് 2364000 രൂപയുടെള്ള എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനായി 1364789 രൂപ (ബിൽ നം - 59/29.03.2022) മുഖേനയും 1000000 രൂപ (വൗച്ചർ നം- 22101403-30.03.22 ) മുഖേനയും എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ വകുപ്പ് , പാലക്കാട് ന്റെ പേരിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലും അനുബന്ധ രേഖകളുടെ സൂക്ഷിപ്പിലും ഉണ്ടായിട്ടുള്ള അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം 13/21.01.23 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ3-1/2022 തീയതി 17.02.2022 കത്ത് പ്രകാരം വട്ടക്കുണ്ട്, പഴംകുളം എന്നീ രണ്ട് തടണകൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ “Construction Of Check Dam-Across Vattakkundu Thodu Ward No 10 In Ambalappara “എന്ന വർക്കിന് മാത്രമാണ് 2364000 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളത്.

2. ആകെ 2364789 രൂപ കൈമാറിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയിലും അധികം 789 രൂപ നൽകിയിട്ടുണ്ട്.

3. മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കാതെയാണ് എസ്റ്റിമേറ്റ് തുക കൈമാറിയിട്ടുള്ളത്.

4. നിലവിൽ മൈനർ ഇറിഗേഷൻ വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ തടയണക്ക് 12.5 മീറ്റർ നീളവും 1 മീറ്റർ ഉയരവും മുകൾഭാഗത്തേക്ക് 30 മീറ്റർ സൈഡ് വാളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ മെഷർമെന്റുകൾ വളരെ കുറവാണെന്നും ഭാവിയിൽ സമീപപ്രദേശങ്ങളിലേക്ക് വെള്ളം കയറുന്നതിനുള്ള സാധ്യത നില നിൽക്കുന്നതായും 29.11.22 ൽ മൈനർ ഇറിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് മുഖേന ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. സാങ്കേതികമായി മികവ് ആവശ്യമുള്ള പ്രവ്വത്തിയിൽ ഫണ്ട് അപര്യാപ്തത മൂലം ഗുണനിലവാരം ഉറപ്പ് വരുത്താതെ പദ്ധതി നിർവ്വഹിക്കാനിടയാകുന്നത് സംബന്ധിച്ച് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

5. പദ്ധതി പ്രകാരമുള്ള പ്രവ്വത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

6. തുക നൽകിയെങ്കിലും പദ്ധതി ആരംഭിച്ച പൂർത്തിയാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം RP 38- Fixed Assets എന്ന ഷെഡ്യൂളിൽ Other Constructions (410300399) എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് ആകെ ചെലവിൽ 1364789 രൂപ ബുക്ക് ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന 10,00,000 രൂപ RP 47-Loans Advances & Deposits എന്ന ഷെഡ്യൂളിൽ Advances To Implementing Officers -Deposit With Kerala Water Authority എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് ബുക്ക് ചെയ്യപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് മുഴുവൻ തുകയും നൽകിയട്ടിട്ടുള്ളത്. ഒരു പദ്ധതിക്കായുള്ള ചെലവുകൾ ഒറ്റ ഹെഡിൽ ബുക്ക് ചെയ്യുന്നതിനു പകരം വ്യത്യസ്ത ഹെഡുകളിൽ ബുക്ക് ചെയ്തതിനും തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനു മുമ്പ് തന്നെ Fixed Assets ൽ ചെലവ് കാണിച്ചിട്ടുള്ളതിനും വിശദീകരണം നൽകേണ്ടതാണ്.

മേൽപ്പറഞ്ഞവക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും തുക വിനിയോഗിച്ചതിന്റെ രേഖകളും

നൽകേണ്ടതാണ്. നടപടിക്രമങ്ങൾ പാലിക്കാതെ തുക നിക്ഷേപിക്കുകയും പ്രവൃത്തി നാളിതു വരെ ആരംഭിക്കാതെയുമിരിക്കുന്ന സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 2364789 രൂപ ഓഡിറ്റ് തടസ്സത്തിൽ വക്കുന്നു.

## 1-27 എസ്.എസ്. കെ പദ്ധതിക്കായി നൽകിയത് - ചെലവു രേഖകൾ ലഭിച്ചിട്ടില്ല

1.പ്രോജക്റ്റ് നം 36/22

(എസ്.എസ്. കെ വിഹിതം -ജനറൽ)

അടങ്കൽ 1500000 (വികസനഫണ്ട്-ജനറൽ)

ചെലവ് 1500000 (ബിൽ നം 32/11.09.21)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

2.പ്രോജക്റ്റ് നം 39/22

(എസ്.എസ്. കെ വിഹിതം എസ്. സി.പി )

അടങ്കൽ -613000(വികസനഫണ്ട്- എസ്. സി.പി )

ചെലവ് -613000 (ബിൽ നം 31/9.9.21)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ സൂചിപ്പിച്ച രണ്ടു പദ്ധതികൾക്കായി എസ്.എസ്. കെ പാലക്കാട് ജില്ലാ പ്രോജക്ട് ഓഫീസർക്ക് ആകെ 2113000 രൂപ നൽകിയിട്ടുണ്ട്. ഈ 2113000 രൂപയും എസ്. എസ്.കെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതായി സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള വിനിയോഗസാക്ഷ്യപത്രം ജില്ലാ പ്രോജക്ട് ഓഫീസർ 27.04.22 ന് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

എന്നാൽ എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസർ നൽകുന്ന പ്രൊപ്പോസൽ, വിശദമായ എക്സ്പെൻഡിച്ചർ റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്ലാൻ പ്രൊപ്പോസൽ പ്രകാരമുള്ള ആകെ ചെലവിന്റെ 40% മാത്രമാണ് തദ്ദേശ സ്ഥാപനം വിഹിതമായി നൽകേണ്ടതുള്ളൂ. പ്രൊപ്പോസൽ, വിശദമായ എക്സ്പെൻഡിച്ചർ റിപ്പോർട്ട് എന്നിവ ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എസ്.എസ്.കെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ മോണിറ്റർ ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങളും നൽകിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 18/23.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ-ഐ.ആർ.ടി സിക്ക് തുക നൽകിയതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. രണ്ടു പേരുകളിലായി രണ്ട് പ്രോജക്ട് തയ്യാറാക്കിയാണ് എം. സി എഫ് നിർമ്മാണം വില്ലേജ്-2 എന്ന ഒരു പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ അക്രഡിറ്റേഷൻ ഉള്ള മുണ്ടൂർ ഐ.ആർ.ടി.സിയാണ് നിർവ്വഹണ ഏജൻസി. ഐ.ആർടി.സിയിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് 3571400 രൂപയാണ്. എസ്റ്റിമേറ്റ് ലഭിക്കുന്നതിനു മുമ്പ് തന്നെ പ്രോജക്ട് ആവിഷ്കരിച്ചതിനാൽ പദ്ധതി പൂർത്തീകരണത്തിന് തുടർ വർഷങ്ങളിലും കൂടി പ്രോജക്ട് വക്കേണ്ട സാഹചര്യം നിലവിലുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 298/22

(ഖരമാലിന്യം പ്ലാസ്റ്റിക് ശേഖരണ സൗകര്യമൊരുക്കൽ)

അടങ്കൽ- 471182 (സി.എഫ്.സി.ഗ്രാന്റ് )

ചെലവ് -1. 201222(XVFC/21-22/P/30/31.03.22)

2.269960(XVFC/21-22/P/29/30.03.22)

2.244/22 (എം. സി എഫ് നിർമ്മാണം വില്ലേജ്-2)

അടങ്കൽ-600000 (സി.എഫ്. സി ഗ്രാന്റ്)

ചെലവ് - 600000 (XVFC/21-22/P/27/31.03.22)

നിർമ്മാണ ചെലവ്, മാനേജ്മെന്റ് ചാർജ്, ജി.എസ്.ടി അടക്കം ഐ.ആർ.ടി.സിക്ക് തുക നൽകുന്നതിനാണ് കരാർ ഉറപ്പിച്ചിട്ടുള്ളത്. ആകെ 1071182 രൂപ മുൻകൂർ ആയി ഐ.ആർ ടി.സിക്ക് നൽകിയിട്ടുണ്ട്.

സ.ഉ(പി)നം.67/21/ഫിൻ തിയതി 28-04-2021 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികൾക്കുള്ള മാർഗ്ഗരേഖയിലെ ഖ. 13.3 പ്രകാരം നേരിട്ട് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്ന ഏജൻസികൾക്ക് പ്രവൃത്തിയുടെ മൂല്യത്തിന്റെ 20% മാത്രമാണ് മുൻകൂർ നൽകാവുന്നത്. തുടർന്നുള്ള പാർട്ട് ബില്ലുകളിൽ നിന്നും ആനുപാതിക അടിസ്ഥാനത്തിൽ തുക കുറവു ചെയ്യേണ്ടതുമാണ്. ഖ.13.4 പ്രകാരം മാനേജ്മെന്റ് ചാർജിന്റെ 50% ആണ് മുൻകൂറായും ബാക്കി തുക രണ്ട് ഗഡുക്കളായും നൽകേണ്ടതാണ്. എന്നാൽ പ്രവൃത്തിമൂല്യത്തിന്റെ 20% ആകെ 714280 രൂപ മാത്രമായിരുന്നിട്ടും 1071182 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം തുക നൽകിയതു വഴി ഐ.ആർ.ടി. സിക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കിയിട്ടുള്ളതായി വിലയിരുത്തുന്നു.

ഐ.ആർ.ടി. സിയും അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിലുള്ള ഉടമ്പടി പ്രകാരം മൊത്തം അടങ്കൽ തുക പൂർണ്ണമായോ ഗഡുക്കളായോ പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താതിരുന്നത് എഗ്രിമെന്റിന്റെ പോരായ്മയാണ്. പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി തുക കൈപ്പറ്റിയ തിയതി മുതൽ ആറു മാസത്തെ സമയപരിധിയാണ് നൽകിയിരിക്കുന്നത്. ആയതിനുസരിച്ച് 9/2022 ന് പൂർത്തീകരിക്കേണ്ടിയിരുന്ന നിർമ്മാണപ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നാൽ IRTCക്കുള്ള ബാധ്യത കരാറിൽ സൂചിപ്പിച്ചിട്ടില്ല. 2017 ലെ CGST/SGST ആക്ടിലെ സെക്ഷൻ 51(1) പ്രകാരമുള്ള ജി.എസ്.ടി ടി.ഡി.എസ് നടത്താതെയാണ് IRTC ക്ക് തുക കൈമാറിയിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം 20/23.01.23 പ്രകാരം മേൽ അപാകങ്ങൾ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കുന്നതിനായി എഗ്രിമെന്റ് വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കേണ്ടതും സമയപരിധി നിശ്ചയിക്കേണ്ടതുമാണ്. നിശ്ചിത സമയത്തിനകം പൂർത്തീകരണം ഉറപ്പാക്കാതിരുന്നാൽ പിഴ ഉൾപ്പെടെയുള്ള നഷ്ടപരിഹാര വ്യവസ്ഥകൾ പുതുക്കിയ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 എം.സി.എഫിൽ കുഴൽക്കിണർ നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. 206/22, എം.സി.എഫിൽ വെള്ളം ലഭ്യമാക്കൽ (സ്പിൽ ഓവർ)

അടങ്കൽ- 322560 ( സി.എഫ്.സി ഗ്രാന്റ് )

ചെലവ് - 322560 ( ബിൽ നം. 57/30.03.22)

എം.സി.എഫിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനായി ഫീസിബിലിറ്റി പരിശോധനക്കായി 2035 രൂപയും കുഴൽക്കിണർ നിർമ്മാണത്തിനായി 320525 രൂപയും ഭൂജലവകുപ്പ് പാലക്കാട് ജില്ലാ കാര്യാലയത്തിലേക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലത്ത് ഗ്രാമപഞ്ചായത്ത് സർവ്വേ പൂർത്തിയാക്കുകയും സ്ഥലം കുഴൽക്കിണർ നിർമ്മാണത്തിന് അനുയോജ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. കുഴൽക്കിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ വെള്ളം ലഭ്യമായിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ

ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/20.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നൽകിയ തുക ഫലപ്രദമായി വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-30 സി.എഫ്.സി ഗ്രാന്റിൽ നിന്നും പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കി

പ്രോജക്ട് നം 213/22

പൊതുടാപ്പുകൾക്ക് വെള്ളക്കരം അടവാക്കൽ

അടങ്കൽ- 615480 (സി.എഫ്. സി ഗ്രാന്റ്-tied)

ചെലവ് -615480 ( വൗച്ചർ നം -221014400/30.02.22 )

2021 ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചയാത്ത് 646401 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ 615480 സി.എഫ്.സി ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

15ാം ധനകാര്യകമ്മീഷൻ വിഹിതം വിനിയോഗ മാർഗ്ഗരേഖ പ്രകാരം സി.എഫ്. സി Tied ഗ്രാന്റ് 2 വിഷയമേഖലകൾക്കാണ് ഉപയോഗിക്കാവുന്നത്. ശുചിത്വവും കുടിവെള്ള പ്രോജക്ടുകളും ഇതിൽ കുടിവെള്ള പ്രോജക്ടുകൾ കൊണ്ട് ഉദ്ദേശിക്കുന്നത് മഴവെള്ളക്കൊയ്ത്തിനുള്ള പ്രോജക്ട്, ജലസംരക്ഷണം, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, പുനരുപയോഗം, പുനചംക്രമണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണെന്നും പ്രത്യേകം വ്യക്തമാക്കിയിട്ടുള്ളതാണ്. പൊതുടാപ്പുകളുടെ വെള്ളക്കരം പോലയുള്ള കണ്ടിജന്റ് ചെലവുകൾക്ക് ഫണ്ട് വക മാറ്റിയതിന് വിശദീകരണം ഓഡിറ്റ് അന്വേഷണം (നം. 10/21.01.23) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ 201 പൊതുടാപ്പുകൾക്ക് വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്യുന്നുണ്ട്. ഇത്രയും എണ്ണം പൊതുടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമാണോ, പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് അവസാനമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

1-31 തെരുവുവിളക്കുകൾക്ക് പുതിയ ലൈൻ നീട്ടൽ - വിനിയോഗവിവരം ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 4/22, തെരുവുവിളക്കുകൾക്ക് പുതിയ ലൈൻ നീട്ടൽ

അടങ്കൽ- 3000000 (2050000-സി.എഫ്. സി. ഗ്രാന്റ്, 950000- തനത് ഫണ്ട്)

ചെലവ് - 2050000 - ( വൗച്ചർ നം. 22101376/31.03.22)

949580 ( വൗച്ചർ നം. 22101404/30.03.22)

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി കെ.എസ്. ഇ. ബി യുടെ അമ്പലപ്പാറ ഡിവിഷനിലേക്ക് മേൽ പ്രകാരം തുക നൽകിയിട്ടുണ്ട്. പ്രവൃത്തികൾക്കായി കെ.എസ്. ഇ. ബിയിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കെ.എസ്. ഇ.ബി യുമായി ചേർന്ന് വച്ചിട്ടുള്ള കരാർ ഉടമ്പടി, എന്നിവ ഫയലിൽ ലഭ്യമല്ല. നിലവിൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ, വിനിയോഗവിവരം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/21.01.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടികൾ സ്വീകരിച്ച് നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-32 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ

എന്നിവയും 2020, 2021 വർഷങ്ങളിലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി.

1.ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2022 നവംബർ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 45പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ തൻമാസം പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഇവരിൽ 1 ഗുണഭോക്താവ് ഒഴികെ എല്ലാവരും ബാങ്ക് മുഖേന പെൻഷൻ സ്വീകരിക്കുന്നവരാണ്. പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതായി കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം തുക കൈമാറാൻ സാധിക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | രാമകൃഷ്ണപ്പണിക്കർ.ജി | 108210200619 | മാർച്ച് 2021മുതൽ Account Closed Or Transfered |
| 2 | ഗോപിനാഥൻ.എൻ | 108210200689 | മെയ് 2020മുതൽ Account Closed Or Transfered |
| 3 | മീനാക്ഷി അമ്മ | 108210200383 | ജൂലൈ 2022മുതൽ Account Closed Or Transfered |
| 4 | ജാനകി അമ്മ പി | 108210201011 | ജനുവരി 2022മുതൽ Account Closed Or Transfered |
| 5 | ഭാസ്കരൻ നായർ | 108210200802 | സെപ്റ്റംബർ 2022 മുതൽ Account Closed Or Transfered |

ഡിസ്ക്രിപ്പൻസി ലിസ്റ്റ് ൽ ഉൾപ്പെട്ടിട്ടുള്ള ബാങ്ക് വഴിയും ഡയറക്ട് ടു ഹോം ആയും പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി അനർഹർ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന പരിശോധിച്ച് അറിയിക്കേണ്ടതാണ്.

2. അർഹതാ മാനദണ്ഡങ്ങൾ പുന :പരിശോധിക്കുന്നില്ല

സ. ഉ(എം.എസ്) നം 97/2020/ധന. തീയതി 23.09.2020 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ/

അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 06.02.2017 ന് മുമ്പ് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ 06.02.2017 മുതൽ ഒരു സാമൂഹ്യസുരക്ഷാ പെൻഷന് മാത്രമേ അർഹതയുള്ളൂ.

നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ൽ ഉൾപ്പെട്ട ശ്രീമതി ഇന്ദിര .സി (പെൻഷണർ ഐ.ഡി -108210600201) എന്ന ഗുണഭോക്താവിന്റെ പെൻഷൻ "സർക്കാർ ഉത്തരവ് പ്രകാരം 06/02/2017 ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല" എന്ന കാരണത്താൽ ഒക്ടോബർ, നവംബർ മാസങ്ങളിൽ തടഞ്ഞുവച്ചിട്ടുണ്ട്. ഗുണഭോക്താവിന്റെ അർഹത പുനപരിശോധിക്കേണ്ടതാണ്. 06.02.2017 ന ശേഷമാണ് ഇവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ ആനുകൂല്യം ലഭിച്ചതെങ്കിൽ ഇവർക്ക് അധികം പെൻഷൻ നൽകിയിട്ടുണ്ടെങ്കിൽ അർഹത പുനപരിശോധിക്കാതെ പെൻഷൻ നൽകിയ ഉദ്യോഗസ്ഥന്റെ വീഴ്ച ആയിരിക്കും.

3. മൂന്ന് വർഷത്തോളം മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടി ല്ലാത്ത ഗുണഭോക്താക്കൾ നിലവിലും ഡാറ്റാബേസിൽ തുടരുന്നു

മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ലാത്ത ഏതാനും ഗുണഭോക്താക്കളുടെ ഡാറ്റാ ബേസ് പരിശോധിക്കുമ്പോൾ ആഗസ്റ്റ് 2019 മുതൽ ഇവരുടെ പെൻഷൻ മേൽകാരണത്താൽ തടഞ്ഞു വച്ചിട്ടുള്ളതായി കാണുന്നു. ഏതാനും പേരുടെ പേരും ഐ.ഡിയും താഴെ ചേർക്കുന്നു.

1.ശ്രീ . കൃഷ്ണൻ - 108210203597

2.ശ്രീമതി . ലക്ഷ്മിക്കുട്ടിയമ്മ – 108210203705

3.ശ്രീ. ജനാർദ്ദനൻ .വി -108210400565

4. ശ്രീമതി . ചിന്ന -108210600304

3 വർഷമായി മസ്റ്ററിംഗ് ചെയ്യാതെ ഡാറ്റാ ബേസിൽ തുടരുന്ന ഇത്തരം ഗുണഭോക്താക്കളുടെ നിജസ്ഥിതി പരിശോധനാവിധേയമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു.

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്യിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു.

2021 ഡെത്ത് രജിസ്ട്രേഷൻ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണ തീയതി ഡെത്ത് രജിസ്ട്രേഷൻ നം | അനർഹമായി പെൻഷൻ കൈപ്പറ്റിയ മാസങ്ങൾ | ആകെ അധികം നൽകിയത് |
|---|---|---|---|---|
| ലക്ഷ്മിക്കുട്ടിയമ്മ | 108210202975 | 105/21 01.07.21 | ജൂലൈ 21 മുതൽ നവംബർ 22 വരെ | 27200 |

എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതുമാണ്

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആശ/അംഗൻവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. ആശ/അംഗൻവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

2. നിലവിലുള്ള എല്ലാ ആക്ടീവ് പെൻഷണർമാരുടെയും വിവരങ്ങൾ സേവന സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനും അധികം തുക നൽകിയിട്ടുള്ള പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഈ വിവരങ്ങൾ വാർഡ് തിരിച്ച് അന്വേഷണം നടത്തുന്നതിനും തുടർ നടപടി ഉണ്ടാകേണ്ടതാണ്.

3. പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായി അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കാതെയും അനർഹരായവർക്ക സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുകയും വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന പക്ഷം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും ബാധ്യസ്ഥനായിരിക്കും .

4. ഗ്രാമപഞ്ചായത്ത്/ നഗരസഭകളിലെ ജനന മരണവിവരങ്ങളുടെ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറും സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സേവന സോഫ്റ്റ്‌വെയറും കൈകാര്യം ചെയ്യുന്നത് ഐ.കെ.എം ആയതിനാൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന്റെ പെൻഷൻ വിതരണം സ്വമേധയാ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. മരണറിപ്പോർട്ട് തയ്യാറാക്കുന്നതിലെ ചോദ്യാവലി പരിഷ്കരിക്കുന്നതിനും ശുപാർശ ചെയ്യാവുന്നതാണ്.

## 1-33 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്. സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| 1. 241/22, ചുനങ്ങാട് സബ് സെന്റർ പൊതു നവീകരണം (SO.334/21) | |
|---|---|
| അടങ്കൽ | ₹300000 (MG-Non Road) |
| ചെലവ് | ₹262539 [70508 (2020-21) +192031-ബിൽ |

| | |
|---|---|
| | നം.62/31.03.2022] |
| PAC | ₹299752 |
| കരാറുകാരൻ | ശ്രീ.ശ്രീധരൻ.എം.കെ |
| എഗ്രിമെന്റ് നം. | 120/AE/AMB/LSGD/20-21, തീയതി.21.10.2020 |
| അളവ് പുസ്തകം നം. | 606/2020 |
| പൂർത്തീകരണ കാലാവധി | 20.01.2021 (3 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 17.01.2022 |
| ഈടാക്കിയ പിഴ | 3000 |
| ഈടാക്കേണ്ടിയിരുന്നത് | 8993 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 5993 (8993-3000) |

2. 219/22, തിരിക്കോട്ടിൽപ്പാടം റോഡ് നവീകരണം - വാർഡ് 16 (SO.60/21)

| | |
|---|---|
| അടങ്കൽ | ₹200000 (MG-Road) |
| ചെലവ് | ₹166058 [ബിൽ നം.11/09.07.2021] |
| PAC | ₹199222 |
| കരാറുകാരൻ | ശ്രീ.പി.മോഹനൻ |
| എഗ്രിമെന്റ് നം. | 88/AE/AMB/LSGD/20-21, തീയതി.22.07.2020 |
| അളവ് പുസ്തകം നം. | 622/2020 |
| പൂർത്തീകരണ കാലാവധി | 21.11.2020 (4 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 24.03.2021 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | 5977 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 5977 |

3. 223/22, നമ്പിയത്ത്കുന്ന് കോളനി റോഡ്സൈഡ് കെട്ടൽ-വാർഡ് 13 (SO.83/21)

| | |
|---|---|
| അടങ്കൽ | ₹200000 (MG-Road) |
| ചെലവ് | ₹172761 [155757(2020-21), 17004-ബിൽ നം.11/09.07.2021] |
| PAC | ₹199393 |
| കരാറുകാരൻ | ശ്രീ.അജിത്കുമാർ.എം |
| എഗ്രിമെന്റ് നം. | 37/AE/AMB/LSGD/20-21, തീയതി.06.07.2020 |

| | |
|---|---|
| അളവു പുസ്തകം നം. | 616/2020 |
| പൂർത്തീകരണ കാലാവധി | 05.11.2020 (4 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 23.03.2021 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | 5982 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 5982 |

4. 231/22, പനയൂർകാവ് റോഡ് നവീകരണം -വാർഡ് 5 (SO.110/21)

| | |
|---|---|
| അടങ്കൽ | ₹300000 (MG-Road) |
| ചെലവ് | ₹298454 [ബിൽ നം.8/09.07.2021] |
| PAC | ₹300000 |
| കരാറുകാരൻ | ശ്രീ.ഹരിദാസ്.കെ |
| എഗ്രിമെന്റ് നം. | 97/AE/AMB/LSGD/20-21, തീയതി.24.07.2020 |
| അളവു പുസ്തകം നം. | 615/2020 |
| പൂർത്തീകരണ കാലാവധി | 23.11.2020 (4 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 23.03.2021 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | 6000 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 6000 |

5. 232/22, കടമ്പൂർ ഹൈസ്കൂൾ മാണിക്യംപാറ റോഡ് നവീകരണം -വാർഡ് 5 (SO.112/21)

| | |
|---|---|
| അടങ്കൽ | ₹467000 (MG-Road) |
| ചെലവ് | ₹466503 [ബിൽ നം.6/09.07.2021] |
| PAC | ₹466504 |
| കരാറുകാരൻ | ശ്രീ.ഹരിദാസ്.കെ |
| എഗ്രിമെന്റ് നം. | 46/AE/AMB/LSGD/20-21, തീയതി.7.07.2020 |
| അളവു പുസ്തകം നം. | 614/2020 |
| പൂർത്തീകരണ കാലാവധി | 06.11.2020 (4 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 23.03.2021 |
| ഈടാക്കിയ പിഴ | 0 |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്നത് | 13995 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 13995 |

| 6. 225/22, ചേരിക്കുന്ന് കമ്പാരംക്കുന്ന് രാജന്റെ റോഡ്സൈഡ് കെട്ടൽ -വാർഡ് 17 (SO.93/21) | |
|---|---|
| അടങ്കൽ | ₹100000 (MG-Road) |
| ചെലവ് | ₹97182 [ബിൽ നം.5/09.07.2021] |
| PAC | ₹100000 |
| കരാറുകാരൻ | ശ്രീ.മുരളീകൃഷ്ണൻ.പി.ടി |
| എഗ്രിമെന്റ് നം. | 86/AE/AMB/LSGD/20-21, തീയതി.22.07.2020 |
| അളവ് പുസ്തകം നം. | 626/2020 |
| പൂർത്തീകരണ കാലാവധി | 21.11.2020 (4 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 21.04.2021 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | 3000 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 3000 |

| 7. 239/22, പാലാംകുന്ന് ചേർങ്ങോംപാടം തൊടി നവീകരണം -വാർഡ് 11 (SO.180/21) | |
|---|---|
| അടങ്കൽ | ₹200000 (158403-Own Fund, 41597-MG-Road) |
| ചെലവ് | ₹199034 [158403- വൗച്ചർ നം.22100283/08.07.2021, 40631-ബിൽ നം.04/09.07.2021] |
| PAC | ₹200000 |
| കരാറുകാരൻ | ശ്രീ.മോഹനൻ.പി |
| എഗ്രിമെന്റ് നം. | 10/AE/AMB/LSGD/20-21, തീയതി.03.07.2020 |
| അളവ് പുസ്തകം നം. | 625/2020 |
| പൂർത്തീകരണ കാലാവധി | 02.11.2020 (4 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 12.04.2021 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | 6000 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 6000 |

| 8. 222/22, നാല് സെന്റ് കോളനി റോഡ് നവീകരണം - വാർഡ് 5 (SO.79/21) |
|---|

| | |
|---|---|
| അടങ്കൽ | ₹400000 (MG-Road) |
| ചെലവ് | ₹324179 [ബിൽ നം.03/09.07.2021] |
| PAC | ₹400000 |
| കരാറുകാരൻ | ശ്രീ.ബിനു എബ്രഹാം |
| എഗ്രിമെന്റ് നം. | 95/AE/AMB/LSGD/20-21, തീയതി.24.07.2020 |
| അളവു പുസ്തകം നം. | 619/2020 |
| പൂർത്തീകരണ കാലാവധി | 23.11.2020 (4 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 26.03.2021 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | 12000 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 12000 |

9. 235/22, വാരിയത്ത്കുന്ന് മില്ല് റോഡ് നവീകരണം-വാർഡ് 19 (SO.138/21)

| | |
|---|---|
| അടങ്കൽ | ₹400000 (MG-Road) |
| ചെലവ് | ₹399371 [ബിൽ നം.02/09.07.2021] |
| PAC | ₹400000 |
| കരാറുകാരൻ | ശ്രീ.മോഹനൻ.പി |
| എഗ്രിമെന്റ് നം. | 113/AE/AMB/LSGD/20-21, തീയതി.21.10.2020 |
| അളവു പുസ്തകം നം. | 621/2020 |
| പൂർത്തീകരണ കാലാവധി | 20.02.2021 (4 മാസം-TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 25.03.2021 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | 12000 (3% Of PAC) |
| ബാക്കി ഈടാക്കേണ്ട തുക | 12000 |

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.4/19.01.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക 70947 (5993+5977+5982+6000+ 13995+3000+6000+12000+12000) രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-34 മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് അവലോകനം

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 109

